## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 950 — 29.09.2016 -ൽ മറുപടിക്ക്

### പ്രകൃതിക്ഷോഭത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.ദിവാകരൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രകൃതിക്ഷോഭത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കമോ? | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭത്തിൽപ്പെട്ട് മത്സ്യബന്ധന ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിച്ച മത്സ്യത്തൊഴിലാളികൾക്ക് ചുവടെപ്പറയും പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ 11 മത്സ്യത്തൊഴിലാളികൾക്ക് 87,500/- രൂപയും കൊല്ലം ജില്ലയിൽ 10 മത്സ്യത്തൊഴിലാളികൾക്ക് 81,500/-രൂപയും ജില്ലാകളക്ടറുടെ ദുരന്തനിവാരണ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതിക്ഷോഭം മൂലം വള്ളവും വലയും നഷ്ടപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കും ഗ്രൂപ്പ് ഒന്നിന് പരമാവധി ഒരു ലക്ഷം രൂപ വീതം നൽകാൻ കാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്. ടി ധനസഹായം നൽകാനുള്ള നടപടികൾ തുടർന്നുവരുന്നു. കൂടാതെ വള്ളവും വലയും നഷ്ടപ്പെട്ട ഗ്രൂപ്പുകൾക്ക് മത്സ്യഫെഡ് വഴി വള്ളവും വലയും നൽകുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഭാവിയിൽ ദുരന്തത്തിനിരയായി മത്സ്യബന്ധനോപാധികളും യാനങ്ങളും നഷ്ടപ്പെടുന്നവർക്ക് ധനസഹായം നൽകുവാൻ ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുവാൻ ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ